LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് അനുവദിച്ച പദ്ധതി വിഹിതം

93 [1670] ശ്രീമതി പി. കെ. ശ്രീമതിടീച്ചർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ:

(എ) 2001-2002, 2002-2003, 2003-2004, 2004-2005 സാമ്പത്തിക വർഷങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച പദ്ധതി വിഹിതം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ സാമ്പത്തിക വർഷത്തെയും അൺസ്പെൻഡ് ബാലൻസ് എത്ര യാണെന്നും ഇപ്പോഴും പി. ഡി. അക്കൗണ്ടുകളിൽ നിലവിലുള്ള തുക എത്രയാ ണെന്നും വ്യക്തമാക്കുമോ;

(സി) അൺസ്പെൻഡ് ബാലൻസിന്റെ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) 2001-2002, 2002-2003, 2003-2004, സാമ്പത്തിക വർഷങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച പദ്ധതി വിഹിതത്തിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

		അനുവദിച്ച തുക (കോടി രൂപ)
2001-2002	..	637.58
2002-2003	..	1023.28
2003-2004	..	1119.45

2003-2004-ൽ 335 കോടി രൂപ ബഡ്ജറ്റിൽ ഉൾപ്പെടുത്താതെ അഡീഷണലായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൽക്ക് നൽകിയിട്ടുണ്ട്.

2004-2005-ൽ മൂന്ന് മാസ ഗഡുക്കളായി 33529.82 ലക്ഷം രൂപ നൽകി കഴിഞ്ഞിട്ടുണ്ട്.

(ബി ആന്റ് സി) വിവരം ശേഖരിച്ചുവരുന്നു.

തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് അനുവദിച്ച ഫണ്ട്

94 [1671] ശ്രീ. ടി. യു. രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ:

(എ) 2001-2002, 2002-2003, 2003-2004 എന്നീ വർഷങ്ങളിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച പ്ലാൻ ഫണ്ടിൽ പഞ്ചായത്തുകൾക്ക് കൈമാറാ തിരുന്ന തുക എത്രയാണ്;

(ബി) 2003-2004 വർഷത്തിൽ പഞ്ചായത്തുകൾക്ക് കൈമാറിയ ഫണ്ടിൽ ചെല വഴിക്കാത്ത തുക തിരിച്ചടയ്ക്കാൻ നിർദ്ദേശമുണ്ടായിരുന്നോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) 2003-2004 വർഷത്തേയ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയ പദ്ധതിവിഹിതത്തിൽ ചെലവഴിക്കാതെ പ്ലാൻ പി. ഡി. അക്കൗണ്ടിൽ 31-3-2004-ന് ബാക്കിയുണ്ടായിരുന്ന തുക പ്ലാൻ പി. ഡി. അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിന്റെ ഭാഗമായി സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കുവാൻ 16-3-2004-ലെ സർക്കുലർ നമ്പർ 18/2004/ധന. പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നു.

പ്ലാൻ പി. ഡി. ചെക്കുകൾ പണമായി കിട്ടാൻ നടപടി

95 [1672] ശ്രീ. എം. വി. ജയരാജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 2003-2004 വാർഷിക പദ്ധതിപ്രകാരം മാർച്ച് 31-ന് മുമ്പ് നൽകിയ പ്ലാൻ പി.ഡി. ചെക്കുകൾ ട്രഷറിയിൽ നിന്നും മാറാൻ കഴിഞ്ഞിട്ടില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അപ്രകാരം സംഭവിക്കുവാനുണ്ടായ കാരണം വ്യക്തമാക്കുമോ;

(സി) പ്ലാൻ പി.ഡി. അക്കൗണ്ടിൽ ബാക്കി ഉണ്ടായിരുന്ന തുക സർക്കാർ തിരികെയെടുത്തിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം എത്ര തുക തിരിച്ചെടുത്തു;

(ഡി) തുക തിരിച്ചെടുക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ;

(ഇ) ഈ നടപടിപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുണ്ടായിട്ടുള്ള സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനായി പൂർത്തിയാക്കിയ പദ്ധതികൾക്കായി 2004 മാർച്ച് 31-ന് മുമ്പ് നൽകിയ ചെക്കുകളെങ്കിലും മാറുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) 2004 മാർച്ച് അവസാനവാരത്തിൽ ട്രഷറി നിയന്ത്രണം ഇല്ലാതെയിരുന്നതുകൊണ്ട് യഥാസമയം ട്രഷറിയിൽ സമർപ്പിച്ച പ്ലാൻ പി.ഡി. ചെക്കുകൾ എല്ലാംതന്നെ മാറി തുക നൽകിയിട്ടുണ്ട്. എങ്കിലും ചില ചെക്കുകൾ മാർച്ച് 31-ന് മുമ്പ് മാറിയിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ പി.ഡി. അക്കൗണ്ടിൽ 31-3-2004-ന് ചെലവഴിക്കാതെ ബാക്കിവന്ന തുക 31-3-2004-ന് സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കണമെന്ന് 16-3-2004-ലെ സർക്കുലർ നമ്പർ 18/2004/ധന. പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. 2004 മാർച്ച് 31 ആയപ്പോൾ ചെലവഴിക്കാതെ ശേഷിച്ചിരുന്ന 18553.20 ലക്ഷം രൂപ ഇപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ലാപ്സാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly